മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

2017 CBCS – ബി.എ മലയാളം പ്രോഗ്രാം – സിലബസ് പരിഷ്കരണം – ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശിപാർശകൾ – അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക്ക് എ9 സെക്ഷൻ**

സ.ഉ.നം.259/എസിഎ9/1/ CBCS-മലയാളം/2018 തീയതി, പ്രിയദർശിനി ഹിൽസ്, 14.01.2019

പരാമർശം: (1) 31.10.2018-ന് കൂടിയ മലയാളം യു.ജി. ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ മിനിറ്റ്സ്.
(2) 07.01.2019 തീയതിയിലെ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം 31.10.2018–ന് കൂടിയ യു.ജി. മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് യോഗം താഴെ പറയുന്ന ശിപാർശകൾ സമർപ്പിച്ചു.

1. മോഡൽ – 2 ബി.എ (സെമസ്റ്റർ 1) ലെ കഥ, നോവൽ (കോമൺ കോഴ്സ്) എന്ന പേപ്പറിൽ ഉൾപ്പെടുത്തിയിട്ടുള്ള വി.ജെ ജയിംസിന്റെ 'പ്രണയോപനിഷത്ത്' എന്ന കഥ ഒഴിവാക്കുക.
2. മോഡൽ II ബി.എ (സെമസ്റ്റർ 3) കോപ്പി എഡിറ്റിംഗിലെ പ്രസാധനവും മലയാള സാഹിത്യവും എന്ന പേപ്പറിലെ നാലാം മൊഡ്യൂളിൽ വിശദ പഠനത്തിനുള്ള പൗലോ കൊയിലോയുടെ 'ആൽകെമിസ്റ്റ്' എന്ന നോവൽ വിശദ പഠനത്തിൽ നിന്നും സാമാന്യ പഠനത്തിലേക്ക് മാറ്റുക.
3. മോഡൽ 2 ബി.എ ഹിസ്റ്ററി മൂന്നാം സെമസ്റ്ററിലെ മൊഡ്യൂൾ ഒന്നിലെ 'വിദൂരവാക്യം', 'കിരാതം ഓട്ടൻ തുള്ളൽ' എന്നിവ ഒഴിവാക്കുക.
4. (i) മോഡൽ 1 മൂന്നാം സെമസ്റ്ററിലെ കോമൺ കോഴ്സിലെ (ഖണ്ഡം 1) 'ഊരുഭംഗം' ഒഴിവാക്കുക, 'ശാകുന്തളം' 1–ാം അങ്കം മുതൽ 4–ാം അങ്കം ഉൾപ്പടെയുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തുക.

   (ii) ഖണ്ഡം 3–ലെ 'കല്യാണസൗഗന്ധികം' – ഭീമന്റെ കദളീവനപ്രവേശം മുതൽ 'ശ്രീരാമദാസന്റെ വംശേ ജനിക്കയാൽ പാരം നിനക്കുമഹംഭാവമിങ്ങനെ' വരെ ആക്കുക.

   (iii) ഖണ്ഡം 5 – ലെ അഞ്ചു ലേഖനങ്ങളിൽ ആദ്യത്തെ ലേഖനം ('ദൃശ്യഹർഷം' എന്ന പുസ്തകത്തിലെ) ഒഴിവാക്കുക.
5. (i) മോഡൽ 1 4–ാം സെമസ്റ്ററിലെ കോമൺ കോഴ്സിൽ (മലയാളം ഗദ്യരചനകൾ) ചേർത്തിരിക്കുന്ന ലേഖനങ്ങളിൽ 'മലയാളിയുടെ രാത്രികൾ' – കെ.സി. നാരായണൻ എന്നതിനു പകരം ഡോ.ജെ ഉണ്ണികൃഷ്ണപിള്ളയുടെ 'കലയും കലാദർശനവും' എന്ന ലേഖനം ഉൾപ്പെടുത്തുക.

   (ii) സിയാറ്റിൽ മൂപ്പന്റെ (വിവ: സക്കറിയ) 'ഭൂമിയിൽ ഏകാന്തതക്കുമാത്രമായി ഒരിടമില്ല' എന്ന ലേഖനത്തിനു പകരം അദ്ദേഹത്തിന്റെ തന്നെ 'ഞങ്ങൾ നിങ്ങൾക്കു ഭൂമി വിറ്റാൽ' എന്ന ലേഖനം ഉൾപ്പെടുത്തുക.

   (iii) ഡോ.എൻ അജയകുമാറിന്റെ 'മേഘസന്ദേശവിവർത്തനങ്ങൾ' എന്ന ലേഖനം കൂടി ചേർക്കുക.

   (iv) അനുഭവം, ആത്മകഥ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ദയാബായിയുടെ 'പച്ചവിരൽ' എന്ന പുസ്തകത്തിനു പകരം ബി.സരസ്വതിയുടെ 'ഓർമ്മകൾ ചന്ദനഗന്ധം പോലെ' എന്ന പുസ്തകം ഉൾപ്പെടുത്തുക.

പരാമർശം (2) പ്രകാരം മേൽ ശിപാർശകൾ 07.01.2019 തീയതിയിൽ ബഹു. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10(17) പ്രകാരം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ദിലീപ് കുമാർ ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

(മറുപുറം)

പകർപ്പ് :

1. ചെയർപേഴ്സൺ, BOS in Malayalam
2. വി.സി / പി.വി.സി എന്നിവരുടെ പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളറുടെ പി.എ.
4. ജെ.ആർ II/ഡി.ആർ II//എ.ആർ III (അക്കാദമിക്)
5. ജെ.ആർ I/ഡി.ആർ IV/എ.ആർ XIV/XV/XIX (പരീക്ഷ)
6. സിസ്റ്റം മാനേജർ/ സി.ടെക്സ്/ഐ.ക്യു.എ.സി.
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധം ചെയ്യുന്നതിനും കോളേജ് പ്രിൻസിപ്പൽമാരുടെ ഇ-മെയിലിൽ ലഭ്യമാക്കുന്നതിനും)
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

6

ബി.എ/ബി.എസ്സി.
സെമസ്റ്റർ 4 കോമൺ കോഴ്സ്
**കോഴ്സ് കോഡ്:** ML4CCT04.

## മലയാളഗദ്യരചനകൾ

മലയാളഗദ്യത്തിന്റെ ശക്തിയും സാധ്യതയും മനസ്സിലാക്കാൻ പര്യാപ്തമായ ലേഖനങ്ങളാണ് ഇവിടെ പഠനവിഷയം ഒപ്പം ഓർമ്മക്കുറിപ്പുകളിലൂടെ എഴത്തുകാരെയും എഴുത്തുകാരെ രൂപപ്പെടുത്തിയ സമൂഹത്തെയും തിരിച്ചറിയുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

### 1. ലേഖനങ്ങൾ

പുസ്തകം- യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം

1. കാളിദാസനും കാലത്തിന്റെ ദാസൻ- ജോസഫ്മുണ്ടശ്ശേരി
2. മാതൃഭാഷയിലേക്കുവീണ്ടും- എൻ.വി. കൃഷ്ണവാരിയർ
3. ഞങ്ങൾ നിങ്ങൾക്കു ഭൂമിവിറ്റാൽ- സിയാറ്റിൽ മൂപ്പൻ
4. വാക്കുകളുടെ വിസ്മയം- എം.ടി. വാസുദേവൻ നായർ
5. മാറുന്ന മലയാള സംസാരഭാഷ- ടി.ബി. വേണുഗോപാലപ്പണിക്കർ
6. നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക- സാറാജോസഫ്
7. കലയും കലാദർശനവും- ഡോ.ജെ.ഉണ്ണികൃഷ്ണപിള്ള
8. ചെമ്പൈ വൈദ്യനാഥഭാഗവതർ സംഗീതത്തിലെ സിംഹനാദം- ഇന്ദിരാമേനോൻ
9. ഈശ്വരപിള്ളയെ ആരോർക്കുന്നു- പി.കെ രാജശേഖരൻ
10. പ്രകാശത്തിന്റെ ആയിരം തടവറകൾ- ജീവൻ ജോബ് തോമസ്
11. പുരികം- ഡെസ്മണ്ട് മോറിസ്
12. രവിവർമ്മ- വിജയകുമാർ മേനോൻ
13. മേഘസന്ദേശവിവർത്തനങ്ങൾ- ഡോ. എൻ അജയകുമാർ

### 2. അനുഭവം, ആത്മകഥ

ഓർമ്മകൾ ചന്ദനഗന്ധംപോലെ- ബി. സരസ്വതി